പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 423 11.12.2012 ൽ മറുപടിയ്ക്ക്

സൗജന്യ വൈദ്യുതി കണക്ഷൻ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ജി.എസ്. ജയലാൽ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) ഗാർഹിക ആവശ്യത്തിന് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിലേക്കായി ഏതൊക്കെ വിഭാഗങ്ങൾക്കാണ് ഇപ്പോൾ ആനുകൂല്യങ്ങൾ നൽകി വരുന്നത്; | (എ) 500 വാട്ട്സ് വരെ കണക്ടഡ് ലോഡുള്ള ബി.പി.എൽ. വിഭാഗത്തിലുള്ള വ്യക്തികളെയും 1000 വാട്ട്സ് വരെ കണക്ടഡ് ലോഡുള്ള എസ്. സി./ എസ്.ടി വിഭാഗത്തിലുള്ള വ്യക്തികളെയും ലൈൻ നീട്ടൽ ആവശ്യമില്ലാത്ത വൈദ്യുതി കണക്ഷനുകൾ നൽകുന്നതിന് ചെലവാകുന്ന തുക അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. |
| (ബി) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് മുൻഗണനയോ, പോസ്റ്റ് സൗജന്യമായി ഇട്ട് നൽകുന്നതുൾപ്പെടെയുള്ള ആനുകൂല്യങ്ങളോ ഇപ്പോൾ നിലവിലുണ്ടോ; വിശദാംശം അറിയിക്കുമോ; | (ബി) 1000 വാട്ട്സ് വരെ കണക്ടഡ് ലോഡുള്ള എസ്. സി./ എസ്.ടി വിഭാഗത്തിലുള്ള വ്യക്തികളെ ലൈൻ നീട്ടൽ ആവശ്യമില്ലാത്ത വൈദ്യുതി കണക്ഷനുകൾ നൽകുന്നതിന് ചെലവാകുന്ന തുക അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. അപേക്ഷ നൽകുന്ന മുറയ്ക്കും സെക്യൂരിറ്റി ഡെപ്പോസിറ്റ് അടയ്ക്കുന്നതനുസരിച്ചും വൈദ്യുതി കണക്ഷന് മുൻഗണന നല്കുന്നതാണ്.<br>കേന്ദ്രാവിഷ്കൃത പദ്ധതിയായ രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണപദ്ധതി കേരളത്തിൽ നടപ്പാക്കി കൊണ്ടിരിക്കുന്നു. ഇതിൽ ഉൾപ്പെടുത്തി ഗാർഹിക കണക്ഷൻ നല്കുവാനുള്ള ലൈൻ നീട്ടൽ പ്രവർത്തികൾ ചെയ്യുന്നതാണ്. എല്ലാ ബി.പി.എൽ. കുടുംബങ്ങൾക്കും കണക്ടഡ് ലോഡ് പരിധിയില്ലാതെ ആർ.ജി.ജി.വി.വൈ |

| | |
|---|---|
| | പദ്ധതിയിൽ ഉൾപ്പെടുത്തി സൗജന്യ വൈദ്യുതി കണക്ഷനുകൾ നല്കുവാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) നിത്യരോഗികൾ/ ബി.പി.എൽ. വിഭാഗങ്ങൾ തുടങ്ങി സാമ്പത്തിക അവശതയുള്ളവർക്ക് നൽകി വന്നിരുന്ന ആനുകൂല്യങ്ങൾ പുനഃസ്ഥാപിക്കുവാൻ തയ്യാറാകുമോ? | (സി) 500 വാട്ട്സിന് താഴെ കണക്ടഡ് ലോഡുള്ള ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്ന അപേക്ഷകർക്ക് സൗജന്യ വൈദ്യുതി കണക്ഷനുകൾ നൽകുന്നുണ്ട്.<br>കേന്ദ്രാവിഷ്കൃത പദ്ധതിയായ രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ ബി.പി.എൽ. കുടുംബങ്ങൾക്കും കണക്ടഡ് ലോഡ് പരിധിയില്ലാതെ സൗജന്യ വൈദ്യുതി കണക്ഷനുകൾ നൽകുവാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.<br>1000 വാട്ട്സിനു താഴെ കണക്ടഡ് ലോഡുള്ള മറ്റ് പാവപ്പെട്ട അപേക്ഷകർക്ക് ലൈൻ വലിക്കുന്നതിനുള്ള പ്രവൃത്തികളും വികലാംഗർ, മാനസികവൈകല്ല്യമുള്ളവർ, ക്യാൻസർ രോഗികൾ തുടങ്ങിയവർക്ക് സൗജന്യമായി വൈദ്യുത കണക്ഷനുകൾ നൽകുന്നതിനുള്ള പ്രവൃത്തികളും ഒരു പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്നതിന് റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്. ഇത് റെഗുലേറ്ററി കമ്മീഷന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ.